## കോഴിക്കോട് വൻ ലഹരി മരുന്ന് വേട്ട

കൊക്കൈൻ, ഹാഷിഷ്, എൽ.എസ്.ഡി ഉൾപ്പെടെ മാരക ലഹരികളുമായി എൻജിനീയറിംഗ് ബിരുദധാരി അറസ്റ്റിൽ.

ക്രിസ്തുമസ്- പുതുവർഷ ആഘോഷങ്ങൾക്കായി എത്തിച്ച ലക്ഷക്കണക്കിന് രൂപയുടെ കൊക്കൈൻ ഉൾപ്പെടെയുള്ള വൻ ലഹരിശേഖരവുമായി എൻജിനീയറിംഗ് ബിരുദധാരിയായ കോഴിക്കോട് മാങ്കാവ് മുല്ല വീട്ടിൽ 'ഫാത്തിമാസ്' ൽ ഫസലു (30) നെ കോഴിക്കോട്സിറ്റി പോലീസ് കമ്മീഷണറുടെ ആൻറി ഗുണ്ടാസ്ക്വാഡും കസബ പോലീസും ചേർന്ന് പിടികൂടി. 15 ഗ്രാമോളം കൊക്കൈൻ, 54 ഷീറ്റ് എൽഎസ് ഡി സ്റ്റാമ്പുകൾ 30 ഗ്രാമോളം ഹാഷിഷ് എന്നിവ ഇയാളിൽ നിന്നും കണ്ടെടുത്തു.

ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾക്കായി വൻതോതിൽ കേരളത്തിലേക്ക് സിന്തറ്റിക്ക്, കെമിക്കൽ ലഹരി മരുന്നുകൾ എത്താനുള്ള സാധ്യത കണക്കിലെടുത്ത് കോഴിക്കോട്സിറ്റി പോലീസ് കമ്മീഷണർ ശ്രീ.കാളിരാജ് മഹേഷ് കുമാർ ഐ.പി.എസിന്റെ മേൽനോട്ടത്തിൽ കോഴിക്കോട് സിറ്റി നാർക്കോട്ടിക്ക് സെൽ അസി.കമ്മീഷണർ ശ്രീ.എ ജെ ബാബുവിന്റെ നേതൃത്വത്തിലുള്ള സിറ്റി ആൻറി ഗുണ്ടാ സ്ക്വാഡ് ജില്ലയിൽ ലഹരിപരിശോധന കർശനമാക്കിയിരുന്നു. മാങ്കാവ് സ്വദേശിയായ ഒരാൾ ക്രിസ്തുമസ് പുതുവർഷ ആഘോഷങ്ങൾക്കായി യുവതലമുറയെ ലക്ഷ്യമിട്ട് ഗോവയിൽ നിന്നും വൻതോതിൽ ലഹരിമരുന്നുകൾ എത്തിച്ചതായി ആൻറി ഗുണ്ടാസ്ക്വാഡിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇയാൾക്കായി പോലീസ് വലവിരിച്ചിരുന്നു. ശനിയാഴ്ച (23-12-2017) പകൽ ഇയാൾ കസബ പോലീസ് സ്റ്റേഷൻ പരിധിയിലെ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെ

പരിസരത്ത് ഉള്ളതായി സിറ്റി പോലീസ് കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് ആന്റി ഗുണ്ട സ്കാഡും കസബ പോലീസും ചേർന്ന് നടത്തിയ ആസൂത്രിത നീക്കത്തിലാണ് കൊക്കെയ്ൻ,

എൽ എസ് ഡി, ഹാഷിഷ് തുടങ്ങിയ ലക്ഷക്കണക്കിന് രൂപയുടെ മാരക ലഹരി മരുന്നുകളുമായി ഫസലുവിനെ പോലീസ് അറസ്റ്റ് ചെയ്തത്.ഗോവയിലെ അൻജുനയിൽ നിന്നുമാണ് ലഹരിമരുന്നു കൾ എത്തിച്ചത്. കോഴിക്കോട് ആദ്യമായാണ് ഇത്ര വലിയ അളവിൽ കൊക്കെയ്ൻ ഉൾപ്പെടെയുള്ള വ്യത്യസ്ത ലഹരികൾ ഒരാളിൽ നിന്നും പിടികൂടുന്നത്.

പുതുവത്സരാഘോഷം ലക്ഷ്യമാക്കി ലഹരിമരുന്നുകൾ ലക്ഷ്യമാക്കി ലഹരിമരുന്നുകൾ എത്താനുള്ള സാധ്യത കണക്കിലെടുത്ത് വരും ദിവസങ്ങളിലും കർശന പരിശോധന തുടരും.

കസബ എസ്.ഐമാരായ സിജിത്ത്.വി, രാംജിത്ത്, എഎസ്ഐ വിനോദ്, സി പി ഒ മാരായ ബിനിൽ, ജിനീഷ്, ആൻറി നാർക്കോട്ടിക്ക് സ്കാഡ് അംഗങ്ങളായ രാജീവ്, ജോമോൻ, നവീൻ, ജിനേഷ്, അനുജിത്ത്, സുമേഷ്, ഷാജി, രതീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.